"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള സംസ്ഥാന വിഹിതം നൽകുന്നതിനായി 2024-25 ബജറ്റ് വിഹിതത്തിൽ നിന്നും 100 കോടി രൂപ ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.343/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 764/2024/തസ്വഭവ തീയതി 20/04/2024
2. സ.ഉ(സാധാ) നം. 886/ 2024/ തസ്വഭവ തീയതി 22.05.2024
3. സ.ഉ.(സാധാ) നം.1289/2024/തസ്വഭവ തീയതി 17/07/2024
4. സ.ഉ(സാധാ) നം.1534/2024-തസ്വഭവ തീയതി 16.08.2024
5. സ.ഉ(സാധാ) നം.1622/2024/തസ്വഭവ തീയതി 03/09/2024
6. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21/12/2024 ലെ എൽ.എം1/2288/ഫിൻ/2023 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷം നഗര/ ഗ്രാമീണ മേഖലകളിലെ ഭവന നിർമ്മാണത്തിനായി ലൈഫ് മിഷന്റെ ബജറ്റ് ശീർഷകങ്ങളായ 4217-60-051-95- ലൈഫ് പദ്ധതി (നഗരം) ൽ 192 കോടി രൂപയും 4515-00-102-49 ലൈഫ് പദ്ധതി (ഗ്രാമം) ൽ 500 കോടി രൂപയും വകയിരുത്തിയിരുന്നു. പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം യഥാക്രമം 27,00,00,000 രൂപയും, 134,57,01,001 രൂപയും ടി ശീർഷകങ്ങളിലേക്ക് അനുവദിച്ചു നൽകിയിരുന്നു.

2. വ്യക്തിഗത ഭവനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്ന് നിർമ്മാണം പുരോഗമിക്കുന്ന, ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിനായി, ഗ്രാമീണ മേഖലയിലേക്ക് “4515-00-102-49 ലൈഫ് പദ്ധതി(ഗ്രാമം)” എന്ന ശീർഷകത്തിൽ 175 കോടി രൂപ ലൈഫ് മിഷന് അനുവദിക്കണമെന്ന് പരാമർശം 6 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള സംസ്ഥാന വിഹിതമായി നിലവിലെ സീലിംഗ് ലിമിറ്റിൽ ( 50% ) നിന്നുകൊണ്ട് 100 കോടി രൂപ 4515-00-102-49 ലൈഫ് പദ്ധതി (ഗ്രാമം) എന്ന ശീർഷകത്തിൽ നിന്നും ലൈഫ് മിഷന്റെ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള PSTSB അക്കൗണ്ട് നമ്പർ 799012700001688 ൽ അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ്(WCD-3/160/2024-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 04-02-2025 10:05:35
സെക്ഷൻ ഓഫീസർ